(ഇ) പട്ടിക സമുദായക്കാരുടെ ആനുകൂല്യങ്ങൾ തെറ്റായ ജാതി സർട്ടിഫിക്കറ്റിലൂടെ തട്ടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് 1996 -ലെ ആക്ട് 11 പ്രകാരം സ്ക്രീനിംഗ് കമ്മിറ്റിക്ക് 713-ഉം സ്ക്രൂട്ടിണി കമ്മിറ്റിക്ക് 8-ഉം തഹസിൽദാർമാർക്ക് 103-ഉം നരവംശശാസ്ത്രപരമായ അന്വേഷണ റിപ്പോർട്ടുകൾ തുടർ നടപടികൾക്കായി സമർപ്പിക്കുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലഭിച്ച പരാതികളിന്മേൽ 50 കേസ്സുകളിൽ അന്വേഷണം പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഇതുകൂടാതെ കൊങ്കു വെള്ളാളർ, അഞ്ചുനാട് വെള്ളാളർ, കുന്നുവർ മന്നാടി എന്നീ സമുദായങ്ങളെ മറ്റു പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ പഠന റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന് സമർപ്പിച്ചു.

ആറളം ഫാമിലെ തൊഴിലാളികളുടെ ശമ്പളപരിഷ്ക്കരണം

127 (4184) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ ആറളം ഫാമിലെ തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച കരാറിലെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കരാർ അനുസരിച്ചുള്ള വേതന വർദ്ധനവ് ആറളം ഫാമിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും നൽകിയോ ;

(സി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) കരാർ പ്രകാരമുള്ള വേതനം എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂരിലെ ആറളം ഫാമിലെ തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് യൂണിയനുകളുമായി സർക്കാർ ധാരണയുണ്ടാക്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് 1-1-2010 മുതൽ പ്രാബല്യത്തിൽ ശമ്പള വർദ്ധനവ് അംഗീകരിച്ചിട്ടുണ്ട്.

(ബി-ഡി) ചർച്ചയിലെ ധാരണകൾ സർക്കാർ തലത്തിൽ പരിശോധിച്ച് നടപ്പാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

എസ്.സി/എസ്.ടി. പ്രമോട്ടർമാരുടെ ഓണറേറിയം

128 (4185) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ എസ്.സി./എസ്.ടി. പ്രമോട്ടർമാരെ എന്നു മുതലാണ് നിയമിച്ചുവരുന്നത് ഇവരുടെ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തൊക്കെയാണ് ഇവരുടെ ചുമതലകൾ ; ഓണറേറിയം കൂടാതെ മറ്റെന്തൊക്കെ ആനുകൂല്യങ്ങളാണ് ഇവർക്ക് നൽകിവരുന്നത് ; വിശദമാക്കുമോ ;

(സി) ഇവരെ പാർട്ട്ടൈം ജീവനക്കാരായി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽ എസ്.സി. പ്രൊമോട്ടർമാരെ 25-8-2001-ലെ സ.ഉ.(സാധാ) നമ്പർ 440/2001/പജ.പവ.വിവ. പ്രകാരമാണ് നിയമനം തുടങ്ങിയത്. എസ്.സി. പ്രൊമോട്ടർമാരായി തെരഞ്ഞെടുക്കുന്നവരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്രീ-ഡിഗ്രി ആണ്. സാമൂഹ്യ പ്രവർത്തകർക്ക് വിദ്യാഭ്യാസ യോഗ്യത ബാധകമല്ല. ഇവരുടെ പ്രായപരിധി 18-നും 40-നും ഇടയിലാണ്. വകുപ്പിന്റെ പ്രീ-മെട്രിക് ഹോസ്റ്റൽ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ പ്രൊമോട്ടർമാർ ഹോസ്റ്റൽ റെസിഡന്റ് ട്യൂട്ടറുടെ ചുമതലകൂടി വഹിക്കുന്നതിനാൽ ഇവരുടെ യോഗ്യത ഡിഗ്രിയാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ 'എസ്.ടി. പ്രൊമോട്ടർമാരെ 28-8-2001-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 41/01/പജപവവിവ പ്രകാരമാണ് നിയമിച്ചുവരുന്നത്. എസ്.സി./എസ്.ടി. പ്രൊമോട്ടർമാർ അതിനുമുമ്പ് സോഷ്യൽ ആക്ടിവിസ്റ്റുകൾ എന്നും എസ്.സി.പി./ടി.എസ്.പി. കോർഡിനേറ്റേഴ്സ് എന്നും അറിയപ്പെട്ടിരുന്നു. പ്രാക്തന ഗോത്രത്തിൽപ്പെട്ടവരും അടിയപണിയ വിഭാഗത്തിൽപ്പെട്ടവരും പത്തനംതിട്ട ജില്ലയിലെ മലമ്പണ്ടാരം, ഇടുക്കി ജില്ലയിലെ മുതുവാൻ, മലപ്പുലയൻ, ഊരാളി മന്നാൻ, പറമ്പിക്കുളത്തെ മഹാമലസർ, മലസർ, മൂന്നാറിലും മറ്റുമുള്ള പള്ളിയൻ എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് 8-ാം ക്ലാസ്സ് വരെയെങ്കിലും വിദ്യാഭ്യാസ യോഗ്യത വേണം. മറ്റു പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് പത്താം ക്ലാസ്സ് ജയം ആണ് എസ്.ടി പ്രൊമോട്ടർമാരായി തെരഞ്ഞെടുക്കുന്നതിന് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്.

(ബി) പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും വിവിധ വികസന വകുപ്പുകളും നടപ്പിലാക്കുന്ന വിവിധ ക്ഷേമ/വികസന പദ്ധതികളെ സംബന്ധിച്ച് പട്ടിക വിഭാഗം ജനങ്ങൾക്ക് യഥാസമയം അറിവു നൽകുക, അർഹരായവരെക്കൊണ്ട് അപേക്ഷകൾ സമർപ്പിച്ച് ആനുകൂല്യം ലഭ്യമാക്കുക, വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായിക്കുക എന്നിവയാണ് എസ്.സി. പ്രൊമോട്ടർമാരുടെ പ്രധാന ചുമതലകൾ. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് പ്രവർത്തിക്കുന്ന എസ്.സി. പ്രൊമോട്ടർമാർ പട്ടികജാതിക്കാരെ തദ്ദേശ സ്വയംഭരണ, പട്ടികജാതി വികസന വകുപ്പുകളുമായി കൂട്ടിയിണക്കുന്ന പ്രധാന കണ്ണികളാണ്. ഇവർക്ക് പ്രതിമാസം 2,500 രൂപ ഓണറേറിയം നൽകി വരുന്നു. റെസിഡന്റ് ട്യൂട്ടർമാരുടെ ചുമതല കൂടി വഹിക്കുന്നവർക്ക് 3,000 രൂപയാണ് ഓണറേറിയം.

പട്ടിക വർഗ്ഗക്കാർക്കുവേണ്ടി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വ്യക്തമായ അവബോധം അവരിൽ സൃഷ്ടിക്കുക, പട്ടിക വർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായും അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുക, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്തുകൾ എന്നിവരെ പട്ടികവർഗ്ഗക്കാരുമായി സംവേദിപ്പിക്കാനുള്ള കണ്ണിയായി പ്രവർത്തിക്കുക, വിവിധ ക്ഷേമ പദ്ധതികൾക്കായി അപേക്ഷ നൽകുന്നതിനും മറ്റും പട്ടിക വർഗ്ഗക്കാരെ സഹായിക്കുക എന്നിവയാണ് പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ പ്രധാന ചുമതലകൾ. 30-1-2010-ലെ സ.ഉ. (സാധാ) നമ്പർ 136/2010/പജ.പവ.വിവ. പ്രകാരം പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ചുമതലകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (അനുബന്ധമായി ചേർക്കുന്നു)• ഇവർക്ക് പ്രതിമാസം 2,500 രൂപ ഓണറേറിയം നൽകുന്നുണ്ട്. ഓണറേറിയം കൂടാതെ എസ്.സി./എസ്.ടി. പ്രൊമോട്ടർമാർക്ക് 475 രൂപ വീതം ഫെസ്റ്റിവൽഅലവൻസും നൽകിവരുന്നു.

(സി) എസ്.സി/എസ്.ടി. പ്രൊമോട്ടർമാരുടെ നിയമന കാലാവധി ഒരു വർഷമാണ്. സർക്കാരിന്റേയും പട്ടിക സമുദായത്തിൽപ്പെട്ട ജനങ്ങളുടേയും ഇടയിൽ ഒരു കണ്ണിയായി പ്രവർത്തിക്കുക എന്നതാണ് ഇവരുടെ സേവനം കൊണ്ടുദ്ദേശിക്കുന്നത്. അതല്ലാതെ ഇവരെ സർക്കാർ സർവ്വീസിന്റെ ഭാഗമായ പാർട്ട്ടൈം ജീവനക്കാരാക്കാൻ ഉദ്ദേശിച്ചിട്ടില്ല. പാർട്ട്ടൈം കണ്ടിജന്റ് സർവ്വീസ് ചട്ടങ്ങളുടെ പരിധിയിൽ വരുന്ന തസ്തികയുമല്ല പ്രൊമോട്ടറുടേത്. ഇവരുടെ നിയമനരീതി പാർട്ട്ടൈം ജീവനക്കാരുടേതിൽനിന്നും വ്യത്യസ്തവുമാണ്. പാർട്ട്ടൈം ജീവനക്കാരായി കണക്കാക്കി നിയമിക്കുന്നതിന് പ്രസ്തുത ചട്ടം അനുശാസിക്കുന്ന സാമുദായിക സംവരണതത്വം പാലിക്കേണ്ടതുണ്ട്. അപ്പോൾ ഈ വിഭാഗക്കാർക്ക് പ്രൊമോട്ടർ നിയമനത്തിൽ ഇപ്പോൾ ലഭിക്കുന്ന പ്രാതിനിധ്യത്തിൽ കുറവ് ഉണ്ടാകും. ഇക്കാരണങ്ങളാൽ ഇവരെ പാർട്ട്ടൈം ജീവനക്കാരായി അംഗീകരിക്കാൻ കഴിയില്ല.

പട്ടികഗോത്രവർഗ്ഗ കോളനികളുടെ സമ്പൂർണ്ണ വൈദ്യുതീകരണം

129 (4186) ശ്രീ. കെ.. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പട്ടികഗോത്ര വർഗ്ഗ കോളനികളും പൂർണ്ണമായും വൈദ്യുതീകരിക്കാനുള്ള ലക്ഷ്യം പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് ഇനിയും എത്ര കോളനികൾ കൂടി വൈദ്യുതീകരിക്കാൻ ഉണ്ടെന്ന വിവരം ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly